# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P9/2274/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 01/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P9/2274/22 തീയ്യതി: 01/04/2023

## കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2021 മുതൽ 09-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-12-2021 മുതൽ 30-11-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)) | 10-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ് കുമാർ പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.അനീഷ് വി.എസ്., സീനി.ഗ്രേ.ഓഡിറ്റർ
ശ്രീമതി ജയകുമാരിയമ്മ.,സീനി.ഗ്രേ.ഓഡിറ്റർ
ശ്രീ.സുനിൽകുമാർ യു.എസ്.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.അശോകൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.രേഖ.കെ.ആർ | സെക്രട്ടറി | 01-04-2021 | 07-04-2021 |
| ശ്രീ.കോശി ഉമ്മൻ | സെക്രട്ടറി | 08-04-2021 | 22-04-2021 |
| ശ്രീമതി.രേഖ.കെ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-04-2021 | 28-06-2021 |
| ശ്രീ.അരുൺ അലക്സാണ്ടർ | സെക്രട്ടറി | 29-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സരിത ജെ. | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽ വർഗ്ഗീസ് | കൃഷിഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ജെറിൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ടോം വി.തോമസ്സ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)) | 01-04-2021 | 31-03-2022 |
| ഡോ.ശ്രീകല ദേവി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.ബാബു സാമുവൽ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി രേഖ കെ.ആർ. | അസ്സി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സ്മിത എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഉണ്ണികൃഷ്ണൻ | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ഡോ.ശ്രീവിദ്യ പി.ആർ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 01-03-2022 |
| ഡോ.എ.ബി.രമാദേവി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 02-03-2022 | 31-03-2022 |
| ശ്രീമതി ഷീലകുമാരി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-05-2021 |
| ശ്രീമതി ആശ ആർ.വി. | ഹെഡ്മിസ്ട്രസ്സ് | 01-06-2021 | 26-10-2021 |
| ശ്രീമതി മഞ്ജുകുമാരി സി. | ഹെഡ്മിസ്ട്രസ്സ് | 27-10-2021 | 31-03-2022 |

ശ്രീമതി ശ്രീലത റ്റി., എം.ജി.എൻ.ആർ.ജി.എസ്., അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീമതി ശ്രീലേഖ

ആർ., എം.ജി.എൻ.ആർ.ജി.എസ്., ഓവർസിയർ

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | 2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ | 1-2.1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ 193834/-രൂപാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-11 |
| 13 | ഉപയോഗ ക്രമത്തിന് ആനുപാതികമായി നികുതി നിർണ്ണയിച്ചില്ല - ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് നികുതി ഒടുക്കി. | 1-12 |
| 14 | വാടക ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 15 | ഒരേ സ്പെസിഫിക്കേഷനുള്ള സാധനം വാങ്ങുന്നതിന് ഒരേ തീയതിയിലെ വ്യത്യസ്ത തീരുമാനങ്ങളിലൂടെ വ്യത്യസ്ത നിരക്കിന് അംഗീകാരം നൽകി - 132459/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-14 |
| 16 | അങ്കണവാടികൾക്ക് വാട്ടർ പ്യൂരിഫയർ - 12 എണ്ണം ഇൻസ്റ്റലേഷൻ പൂർത്തിയാക്കിയില്ല. 106800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 17 | 30000/- രൂപ അഡ്വാൻസ് കൈപ്പറ്റി വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല | 1-16 |
| 18 | സ്പിൽ ഓവർ ചെയ്യാത്ത പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഇനത്തിൽ 41027/- രൂപ അവശേഷിക്കുന്നു | 1-17 |
| 19 | ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച 27000/- രൂപ വ്യവസ്ഥകൾക്ക് വിധേയമായി മുതൽക്കൂട്ടേണ്ടതാണ്. | 1-18 |
| 20 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല | 1-19 |
| 21 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-20 |

| | | |
|---|---|---|
| 22 | രേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-21 |
| 23 | സബ്സിഡി അധികം നൽകി - 35000/- രൂപ നിരാകരിക്കുന്നു. | 1-22 |
| 24 | പാലിയേറ്റീവ് കെയർ - മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചിട്ടില്ല. | 1-23 |
| 25 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഒരേ സ്പെസഫിക്കേഷനുള്ള സാധനം വാങ്ങുന്നതിന് ഒരേതീയതിയിലെ വ്യത്യസ്ത തീരുമാനങ്ങളിലൂടെ വ്യത്യസ്ത നിരക്കിന് അംഗീകാരം നൽകി - 132459/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | സബ്സിഡി അധികം നൽകി - 35000/- രൂപ നിരാകരിക്കുന്നു. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

20/02/2021 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 16/03/2021 തീയതിയിലെ I1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 08/08/2022 | - | |

## 1-2.1 2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ

2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) തനത് ഫണ്ടിൽ നിന്നും MGNREGS ഭരണച്ചെലവിന് അഡ്വാൻസായി അനുവദിച്ച 732025/- രൂപ അക്കൗണ്ട് ശീർഷകം 460500801 ൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം | തീയതി | തുക |
|---|---|---|
| 9726 | 23/09/2021 | 1404 |
| 9754 | 18/11/2021 | 600 |
| 9760 | 01/12/2021 | 149954 |
| 009746 | 01/11/2021 | 105080 |
| 003052 | 01/01/2022 | 154660 |
| 003065 | 10/02/2022 | 3129 |
| 003061 | 01/02/2022 | 154660 |
| 003069 | 21/02/2022 | 3500 |
| 003071 | 02/03/2022 | 154660 |
| 2919239 | 11/03/2022 | 2700 |
| 3074 | 16/03/2022 | 679 |
| 2919232 | 29/12/2021 | 999 |
| ആകെ | | 732025 |

Minor Function Code FMFM 34 എന്നതിൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം PLMG 13 എന്ന Minor Function ഉപയോഗിച്ചിരിക്കുന്നു. ആയതിനാൽ മേൽ മുൻകൂർ തുക 460500801 എന്ന ശീർഷകത്തിൽ പ്രതിഫലിക്കുന്നില്ല.

2) 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ലേല തുക പൂർണമായി ലഭിച്ചത് അക്കൗണ്ട് ചെയ്തതിൽ അപാകത

എ) അഡ്വാൻസ് കളക്ഷൻ ഓഫ് റവന്യൂ -മാർക്കറ്റ് റസീപ്റ്റ് (350410203) -

പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസിനത്തിൽ രസീത് നം. 1210102654 തീ. 26/02/2022 പ്രകാരം ലഭിച്ച 10000/- രൂപയും രസീത് നം. 1210103048 തീ. 16/03/2022 പ്രകാരം ലഭിച്ച 103500/- രൂപയും മാട്ടിറച്ചി വിൽപന ചെയ്യുന്നതിനുള്ള അവകാശം ഇനത്തിൽ രസീത് നം. 1210103076 തീ. 18/03/2022 പ്രകാരം ലഭിച്ച 21000/- രൂപയും രസീത് നം. 1210103300 തീ. 30/03/2022 പ്രകാരം ലഭിച്ച 383000/- രൂപയും ഉൾപ്പടെ ആകെ 517500/- രൂപ അഡ്വാൻസ് കളക്ഷൻ ഓഫ് റവന്യൂ - മാർക്കറ്റ് റസീപ്റ്റ് (350410203)

എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. ആയത് ബിഡേഴ്സ് ഇ.എം.ഡി., ഓക്ഷൻ ഡെപ്പോസിറ്റ് എന്നീ ശീർഷകങ്ങളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ബി. അഡ്വാൻസ് കളക്ഷൻ ഓഫ് റവന്യൂ – സെയിൽ ഓഫ് യുസുഫ്രക്ട്സ് ഓഫ് ട്രീസ് (350410901)

ജി.എൻ.എൽ.പി.എസ്. കോമ്പൗണ്ടിലെ മേലാദായം ഇനത്തിൽ രസീത് നം. 121010325 തീ. 26/03/2022 പ്രകാരം ലഭിച്ച 2500/- രൂപ അഡ്വാൻസ് കളക്ഷൻ ഓഫ് റവന്യൂ – സെയിൽ ഓഫ് യുസുഫ്രക്ട്സ് ഓഫ് ട്രീസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

3. RP 40 (B) പ്രകാരം SBI A/C No. 57020422030ൽ 31-03-2022 ൽ 33940/-രൂപ നീക്കിയിരുപ്പ് ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത തുക 23-02-2017 ൽ DEAF അക്കൗണ്ടിലേക്ക് മാറ്റിയതായി SBI പത്തനാപുരം ബ്രാഞ്ച് മാനേജരുടെ 28/04/2017 ലെ കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയില്ല

4. SBI A/C No 38124459236 ന്റെ 01.01.2022 മുതൽ 31.03.2022 വരെയും ഉള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ AFS ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9379840/- രൂപ |
| വരവ് | 58063466/- രൂപ |
| ആകെ | 67443306/- രൂപ |
| ചെലവ് | 56118126/- രൂപ |
| നീക്കിയിരിപ്പ് | 11325180/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0/- |
| ചെലവിനങ്ങളിലുള്ള നഷ്ടം | 167459/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 289353/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11322372 | 11322372 | 11314000 | 8372 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6723668 | 6723668 | 5340494 | 1383174 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 17027950 | 17027950 | 10274475 | 6753475 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 5124642 | 5124642 | 2364043 | 2760599 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(basic Grant ) TREASURY | 0 | 2704969 | 2704969 | 1124904 | 1580065 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (TREASURY) | 0 | 1189383 | 1189383 | 29674 | 1159709 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക് | 0 | 3160000 | 3160000 | 0 | 3160000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക് | 0 | 2145676 | 2145676 | 700988 | 1444688 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5898 | 633924 | 639822 | 639258 | 564 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് | -469614 | 578587 | 108973 | 1479541 | -1370568 |

| | | | | | |
|---|---|---|---|---|---|
| തനത് ഫണ്ടിൽ നിന്നും മുൻകൂർ | | | | | |
| ഐ.സി.ഡി.എസ് | 94200 | 632707 | 726907 | 492740 | 234167 |
| റ്റി.എസ്.സി. | 1800332 | 0 | 1800332 | 1423053 | 377279 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 1100000 | 1100000 | 1100000 | 0 |
| മഴക്കാല പൂർവ്വ ശുചീകരണം | 0 | 130000 | 130000 | 130000 | 0 |
| കില ട്രെയിനിംഗ് | 0 | 13149 | 13149 | 9995 | 3159 |
| മൃഗാശുപത്രി ആസ്തി | 29569 | 0 | 29569 | 0 | 29569 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 80783508 | 146 | 38318763 | 32 | 35 | 68.54% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ(MGNREGS) | 5898 | 633924 | 639822 | 639258 | 564 |
| ഭരണചെലവുകൾ(OWN FUND) | (-)469614 | 578587 | 108973 | 1479541 | (-)1370568 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 49095099 | 49095099 | 49095099 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 76440/- |
| കർഷകതൊഴിലാളി പെൻഷൻ | 4934800/- |
| വിധവാപെൻഷൻ | 12318800/- |
| വാർദ്ധക്യകാലപെൻഷൻ | 22797500/- |
| വികലാംഗപെൻഷൻ | 3333600/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 665200/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000/- |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2022 ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 40122/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ 05.09.2021 വരെ സാംഖ്യ രസീത് നൽകി സ്വീകരിച്ചു. തുടർന്ന് ILGMS മുഖേന വരവുകൾ സ്വീകരിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി

പരിശോധിക്കുന്നുണ്ട് .

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യത പരിശോധിക്കേണ്ടതാണ്.

06.09.2021 മുതൽ പഞ്ചായത്തിൽ ILGMS പ്രാവർത്തികമാക്കിയതിനാൽ ഫ്രണ്ട് ഓഫീസ് ഡയറി അപ്രസക്തമാകുന്നു. എന്നാൽ അതുവരെയുള്ള കാലയളവിൽ ഡയറി എഴുതിസൂക്ഷിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും മേൽനോട്ടക്കുറവുണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിൽ വരുത്തിയ റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികളിൽ, മെറ്റീരിയൽ സപ്ലൈ ചെയ്തതിന്റെ ബില്ലുകൾ അക്രഡിറ്റഡ് എഞ്ചിനീയറുടെ ശിപാർശ കൂടാതെതന്നെ സെക്രട്ടറി പാസ്സാക്കുന്ന രീതി അനുവർത്തിക്കുന്നതായി കാണുന്നു. പ്രവൃത്തി സ്ഥലത്ത് കരാറുകാരൻ എത്തിക്കുന്ന മെറ്റീരിയലുകളുടെ അളവും ഗുണനിലവാരവും ഉത്തരവാദപ്പെട്ട ആരും തന്നെ പരിശോധിച്ച് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. അക്രഡിറ്റഡ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തോടുകൂടിയ ശിപാർശമേൽമാത്രം ബില്ലുകൾ പാസ്സാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് കോൺക്രീറ്റിങ് പ്രവൃത്തികളിൽ 'റോഡ് കണക്ടിവിറ്റി' കണക്കിലെടുക്കാതെ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിൽ വരുത്തികാണുന്നു. റോഡ് കോൺക്രീറ്റിങ് പ്രവൃത്തി 12 മീറ്റർ നീളത്തിൽപ്പോലും നിർവ്വഹിച്ചിട്ടുണ്ട്. (ഉദാ. മേലൂട്ട് മുരപ്പേൽ റോഡ്-വാർഡ് 3;s0159).

അപാകതകളിലേക്ക് പഞ്ചായത്തുഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.8.22 | 4/22 മുതൽ 6/22 വരെ | 11.8.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.12.2018 മുതൽ 5.1.2019 വരെ | 2013-14 മുതൽ 2017-18 വരെ | 31.1.2019 |

## 1-11 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ 193834/-രൂപാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ 2017-18 വർഷം മുതൽ 21-22 വർഷം വരെ കാലയളവിലേതായി, ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ 193834/-രൂപാ വരവുണ്ട്. ടി തുക തിരികെ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് നം.(സാധാ).3186/2017 ത.സ്വ.ഭ.വ. തീയതി 02-10-2017 പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രത്യേക അക്കൗണ്ട് തുടങ്ങാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. നാളിതുവരെ ഇത്തരത്തിൽ അക്കൗണ്ട് ആരംഭിക്കുകയോ പ്രവർത്തനക്ഷമമാക്കുകയോ ചെയ്യാതിരുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ശേഷിക്കുന്ന തുക അടിയന്തിരമായി ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. കൂടാതെ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രത്യേക അക്കൗണ്ട് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ഉപയോഗ ക്രമത്തിന് ആനുപാതികമായി നികുതി നിർണ്ണയിച്ചില്ല - ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് നികുതി ഒടുക്കി.

പഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ഉപയോഗ ക്രമത്തിന് ആനുപാതികമായി നികുതി നിർണ്ണയിക്കാത്തതിനാൽ വരുമാന നഷ്ടം സംഭവിക്കുന്നു. 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു. 9-ാം വാർഡിലെ 891, 892-ാം നമ്പർ കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണം ഉള്ള

കെട്ടിടത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ 891,892 നമ്പർ കെട്ടിടത്തിൽ ശ്രീ. അനിൽകുമാർ, വൈകുണ്ഡം, കമുകുംചേരി എന്ന വ്യക്തി സൂപ്പർമാർക്കറ്റ് നടത്തുന്നതിനും ലൈസൻസിനായി അപേക്ഷ സമർപ്പിക്കുകയും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ 891, 892 നമ്പർ കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിക്കേണ്ടത്. ഇത്തരത്തിൽ നികുതി നിർണ്ണയിക്കാത്തതിനാൽ നികുതി ഇനത്തിൽ കുറവ് വരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | നിർണ്ണയിച്ചിരിക്കുന്ന നികുതി @30 രൂപ (ലൈബ്രറി സെസ്സ്, നിയമാനുസൃതമായ വർദ്ധനവ്, ഇളവ് ഉൾപ്പെടെ) | നിർണ്ണയിക്കേണ്ട നികുതി@50 (ലൈബ്രറി സെസ്സ്, നിയമാനുസൃതമായ വർദ്ധനവ്, ഇളവ് ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|---|---|
| 891<br>892 | 172.14 ച.മീ | 7719 | 10758 | 3039 |

അപാകത ചൂണ്ടികാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിനെ തുടർന്ന് നികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട് (റസീപ്റ്റ് നം. 1220103257/G020405/18.11.22).
ഓഡിറ്റ് അന്വേഷണക്കുറിപ്പ് – 10/17.11.22

## 1-13 വാടക ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറിയുടെ വാടക ഇനത്തിൽ 2021-22 വർഷം 40871 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. SPSC-9 നമ്പർ കടമുറിയുടെ വാടകയാണ് ഈടാക്കാൻ അവശേഷിക്കുന്നത്. പ്രതിമാസ വാടക, ജി.എസ്.റ്റി, ഫ്ലഡ് സെസ്സ്, ലേറ്റ് ഫീസ് ഉൾപ്പെടെ 31.03.22ൽ ആകെ ലഭിക്കാനുള്ള തുകയാണിത്. കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി – 11/17.11.22

## 1-14 ഒരേ സ്പെസിഫിക്കേഷനുള്ള സാധനം വാങ്ങുന്നതിന് ഒരേ തീയതിയിലെ വ്യത്യസ്ത തീരുമാനങ്ങളിലൂടെ വ്യത്യസ്ത നിരക്കിന് അംഗീകാരം നൽകി - 132459/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഐ സി ഡി എസ് സൂപ്പർവൈസർ 2021 -22 സാമ്പത്തിക വർഷം നിർവഹണം നടത്തിയ വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതിയുടെ ഭാഗമായി 2 പ്രോജക്റ്റുകളിലായി കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. വ്യത്യസ്ത നിർവഹണ രീതി അവലംബിച്ച് മേൽ പദ്ധതി നിർവഹണം നടത്തിയപ്പോൾ ഒരേ ഇനം സാധനം വാങ്ങിയതിൽ വന്ന വില വ്യത്യാസം ചുവടെ ചേർക്കുന്നു.

| നിർവഹണ രീതി | മത്സരാധിഷ്ഠിത ടെൻഡർ മുഖേന | അംഗീകൃത ഏജൻസികളിൽ നിന്നും ക്വട്ടേഷൻ മുഖേന |
|---|---|---|
| പ്രോജക്റ്റ് നം | 153/2022 | 5/2021( സ്പിൽ ഓവർ) |
| പ്രോജക്റ്റ് പേര് | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ (ജനറൽ) | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ (ജനറൽ) സ്പിൽ ഓവർ |
| അടങ്കൽ | 182700 | 413250 |
| ദർഘാസ്/ക്വട്ടേഷൻ തീയതി | 05/08/2021 | |
| സപ്ലൈ ചെയ്യേണ്ടുന്ന കട്ടിലിന്റ സ്പെസിഫിക്കേഷൻ | തടി- മഹാഗണി<br>അളവ് 198*90 സെ.മി<br>മുൻകാൽ -60 സെ .മി | തടി- മഹാഗണി<br>അളവ് 198*90 സെ.മി<br>മുൻകാൽ -60 സെ .മി |

| | | |
|---|---|---|
| | പിൻകാൽ-50 സെ.മി<br>പ്ലൈവുഡ് - 8 മി.മി | പിൻകാൽ-50 സെ.മി<br>പ്ലൈവുഡ് - 8 മി.മി |
| ദർഘാസ് /ക്വട്ടേഷൻ സ്വീകരിച്ച തീയതി | 16.08.2021 | 17-09-2021 |
| സ്ഥാപനം | PLAZA ENTERPRISES<br>KALANJOOR | ARTCO Ltd<br>Kottayam |
| 1 കട്ടിലിന്റെ വില (ജി എസ് .ടി ഉൾപ്പടെ ) | 2744 | 4199.6 |
| ടെൻഡർ/ ക്വട്ടേഷൻ അംഗീകരിച്ച ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാനം | 06/10/2021 ലെ തീരുമാനം നം 2(2) | 06/10/2021 ലെ തീരുമാനം നം 2(3) |
| ആകെ ചെലവ് | 66 കട്ടിൽ - 181104രൂപ | 91 കട്ടിൽ- 382165 രൂപ |
| ഇൻവോയസ് നം | 287/24-01-2022 = 65856/-<br>282/20-01-2022 = 85064/-<br>305/23-03-2022= 30184/-<br>---------------<br>181104/- | KTM/260 Dt 04/03/2022<br>=382165/- |
| തുക വിതരണം ചെയ്തതിന്റെ വിശദാംശം | ബിൽ നം 08/23-02-2022= 100000/-<br>ബിൽ നം 16/22-03-2022= 50920/-<br>ബിൽ നം 18/27-03-2022= 30184/- | ബിൽ നം 15/22-03-2022= 382165/ |

ഒരേ സ്പെസിഫിക്കേഷനുള്ള സാധനം സപ്ലൈ ചെയ്യുന്നതിന് ഒരേ തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി വ്യത്യസ്ത നിരക്ക് അംഗീകരിച്ചതിനാൽ 1 കട്ടിലിന് 1455.6/- രൂപ നിരക്കിൽ ആകെ 91 കട്ടിലിന് 132459.6/- രൂപ അധികമായി ചെലവഴിക്കേണ്ടതായി വന്നു.

ഓഡിറ്റിന് ലഭ്യമാക്കിയ പ്രോജക്ട് അംഗീകാരം ഫോറം പേജ് 7 ക്രമ നം 33 പ്രകാരം ടെൻഡർ/ക്വട്ടേഷൻ പത്രപരസ്യം നൽകി നിർവഹണം നടത്താൻ നിർദ്ദേശിച്ചിരുന്നു. പ്രോജക്ട് നം. 5/2021 ന്റെ നിർവഹണ രീതി മാറ്റി നടപ്പാക്കാൻ ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചതിന്റെ( 19/07/2021 ലെ 1/6 നമ്പർ തീരുമാനം) അടിസ്ഥാനത്തിലാണ് SIDCO MAVELIKKARA, ARTCO KOLLAM, ARTCO KOTTAYAM, എന്നീ അംഗീകൃത എജൻസികളിൽ നിന്നും ഐ സി ഡി എസ് സൂപ്പർവൈസർ ക്വട്ടേഷൻ സ്വീകരിക്കുകയും ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തതും പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്തതുമായ ARTCO KOTTAYAM എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങുകയും ചെയ്തത്.

മേൽ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 06.10.2021 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ മുമ്പാകെ ഓരേ സ്പെസിഫിക്കേഷനുള്ള കട്ടിലിന് പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്ത 2 വ്യത്യസ്ത നിരക്കുകളിലുള്ള (2744/- രൂപയുടെയും 4199.6/- രൂപയുടെയും) ടെൻഡർ, ക്വട്ടേഷനുകൾ ഉണ്ടായിരിക്കെ 1 കട്ടിലിന് 1455.6/- രൂപ കുറവായി രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും 91 കട്ടിൽ കൂടി സപ്ലേ ചെയ്യാനുള്ള സാധ്യത പരിഗണിച്ചില്ല.

2. പർച്ചെസ് കമ്മിറ്റി മിനിറ്റ്സ് ബുക്ക് പേജ് 5 പ്രകാരമാണ് മേൽ പ്രതിപാദിച്ച 2 പദ്ധതികളുടെയും ടെൻഡർ, ക്വട്ടേഷനുകൾ 24/09/2021 ൽ കൂടിയ പർച്ചെസ് കമ്മിറ്റി അംഗീകരിച്ചിരിക്കുന്നത്. ഒരേ വർഷത്തേക്ക് വേണ്ട സാധനങ്ങൾ 2 വ്യത്യസ്ത നിരക്കുകളിലുള്ള ടെൻഡർ, ക്വട്ടേഷനുകൾ ശുപാർശ ചെയ്തത് വഴി 132459.6/- രൂപ

അധികമായി ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട്.

3. ARTCO യിൽ നിന്നും ടെൻഡർ നടപടി കൂടാതെ വാങ്ങാവുന്ന സാധനങ്ങളുടെ ലിസ്റ്റിൽ (Annexure To Go.(Rt) No. 01/2021/spd Dt.05/01/2021) മേൽ സ്പെസഫിക്കേഷനിലുള്ള കട്ടിൽ ഉൾപ്പെടുന്നില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/14-11-2022) ഐ സി ഡി എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ മുൻവർഷം ടെൻഡർ ക്ഷണിച്ചപ്പോൾ ആവശ്യമായ ടെൻഡറുകൾ ലഭിച്ചില്ല എന്നും പദ്ധതി നിർവഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടിയാണ് നേരിട്ടുള്ള വാങ്ങൽ രീതി സ്വീകരിച്ചത് എന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഒരേ സ്പെസിഫിക്കേഷനിൽ ഉള്ള സാമഗ്രികൾക്ക് വ്യത്യസ്ത നിരക്കുകൾ 06.10.2021 ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്, നിർവ്വഹണ ഉദ്യോഗസ്ഥ വിയോജിപ്പ് രേഖപ്പെടുത്താത്ത സാഹചര്യത്തിൽ 132459/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക നഷ്ടത്തിന് ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 4/14.11.22
നിരാകരിച്ച തുക – 132459/- രൂപ

## 1-15 അങ്കണവാടികൾക്ക് വാട്ടർ പ്യൂരിഫയർ - 12 എണ്ണം ഇൻസ്റ്റലേഷൻ പൂർത്തിയാക്കിയില്ല. 106800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. 154 - അങ്കണവാടികൾക്ക് വാട്ടർ പ്യൂരിഫയർ (സ്പിൽ ഓവർ)

നിർവഹണ ഉദ്യോഗസ്ഥ- ഐ സി ഡി എസ് സൂപ്പർവൈസർ

പദ്ധതി അടങ്കൽ - 220000 (CFC)

ചെലവ് -142400 (ബിൽ നം 07/ 16-02-2022 )

വാട്ടർ പ്യൂരിഫയർ സപ്ലൈ ചെയ്ത സ്ഥാപനം - AXIOM AQUA SOLUTIONS, Calicut

ഇൻവോയ്സ് നം - 12/ 25.01.2022

പട്ടാഴി ഗ്രാമപഞ്ചായത്തിലെ 16 അങ്കണവാടികൾക്ക് വാട്ടർ പ്യൂരിഫയർ സപ്ളൈ ചെയ്യുന്നതിന് ടെൻഡർ നടത്തുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത 3 സ്ഥാപനങ്ങളിൽ നിന്നും ഉള്ള സാമ്പിൾ പ്രോക്വയർമെന്റ് കമ്മിറ്റി പരിശോധിച്ച് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ AXIOM AQUA SOLUTIONS എന്ന സ്ഥാപനത്തിന്റെ (AQUA PEARL Model വാട്ടർ പ്യൂരിഫയർ) ടെൻഡർ അംഗീകരിക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച (06/10/2021 ലെ 2(1)നമ്പർ തീരുമാനം) ആയതിന്റെ അടിസ്ഥാനത്തിൽ AXIOM AQUA SOLUTIONS 16 വാട്ടർ പ്യൂരിഫയർ 25.01.2022 ന് സപ്ലൈ ചെയ്തു. ആയതിൽ 4 വാട്ടർ പ്യൂരിഫയർ മാത്രമാണ് നാളിതുവരെ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞത് എന്നും 12 വാട്ടർ പ്യൂരിഫയർ ഇലക്ട്രിഫിക്കേഷൻ, പ്ലംബിഗ് പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവർത്തന സജ്ജമാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം 2/14-11-2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ പ്രതിപാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കാതെ 12 വാട്ടർ പ്യൂരിഫയർ വാങ്ങിയതിന്റെ ചെലവ് 106800 (8900 X 12) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി 12 വാട്ടർ പ്യൂരിഫയർ ഇൻസ്റ്റാൾ ചെയ്ത് 106800/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.2/14.11.22
തടസ്സപ്പെടുത്തിയ തുക – 106800/- രൂപ

## 1-16 30000/- രൂപ അഡ്വാൻസ് കൈപ്പറ്റി വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനായി വിഭാവനം ചെയ്ത വീട് മെയിന്റനൻസിന്റെ ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തി നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയില്ല.

| പ്രോജക്റ്റ് നമ്പർ ,<br>പേര് അടങ്കൽ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | നൽകിയ തുക | റിമാർക്ക്സ് |
|---|---|---|---|---|
| 101/22, വീട് പുനരുദ്ധാരണം.<br>(പട്ടിക ജാതി)<br>ആകെ അടങ്കൽ – 1950000 | 1. നാണി<br>കുഴിങ്കാലയിൽ, | 53/18--01-2022 | 30000 | പണി പൂർത്തീകരിച്ചിട്ടില്ല |

| ആകെ ചെലവ് – 1680000 | | | | |
|---|---|---|---|---|

പണി പൂർത്തീകരിക്കാത്തതിനാൽ ചെലവഴിച്ച 30000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 01/14.11.22

തടസ്സപ്പെടുത്തുന്ന തുക – 30000/- രൂപ

## 1-17 സ്പിൽ ഓവർ ചെയ്യാത്ത പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഇനത്തിൽ 41027/- രൂപ അവശേഷിക്കുന്നു

2021-22 വാർഷിക കണക്ക് B-4 ഷെഡ്യൂൾ പ്രകാരം 146027/- രൂപ ഗുണഭോക്തൃവിഹിതം നീക്കിയിരുപ്പായി അവശേഷിക്കുന്നു. ആയതിൽ 2021-22 സാമ്പത്തിക വർഷം വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രോജക്ട് നം 26 (പോത്ത്കുട്ടി വിതരണം), എന്ന പദ്ധതിയുടെ ഗുണഭോക്തൃവിഹിതം ആയ 105000/- രൂപ കഴിച്ച്, 41027/- രൂപ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ (19012+22015) കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളുടേതാണ് എന്ന് ഡേപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം കൃഷിഓഫീസർക്ക് 41027/- രൂപ ചെലവഴിക്കുന്നതിനായി സ്പിൽ ഓവർ പദ്ധതികളൊന്നും തന്നെ വിഭാവനം ചെയതിട്ടില്ല. ഈ സാഹചര്യത്തിൽ ഗുണഭോക്തൃവിഹിതം ഇനത്തിൽ 41027/- രൂപ അവശേഷിക്കുന്നത് ഏത് പദ്ധതിയുടേതാണ് എന്നും ടി തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/16-11-2022) മറുപടി ലഭ്യമാക്കിയില്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച 27000/- രൂപ വ്യവസ്ഥകൾക്ക് വിധേയമായി മുതൽക്കൂട്ടേണ്ടതാണ്.

2021-22 വാർഷിക കണക്ക് B-7 ഷെഡ്യൂൾ പ്രകാരം 27000/- രൂപ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയായി അവശേഷിക്കുന്നു. 2020 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ലഭിച്ച മേൽ തുക 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 144 (1),144(4) വ്യവസ്ഥകൾക്ക് വിധേയമായി പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ട് കെട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges (P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്തു കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. SO 156/22 (മുട്ടോട്ട് റോഡ് സൈഡ് കെട്ട്, കലുങ്ക്)

അടങ്കൽ തുക. 267030/- രൂപ (MF-R).

ചെലവ് തുക. 212739/-രൂപ

കരാറുകാരൻ - ശ്രീ. സയീദ് മസൂദ്. എം.

എഗ്രിമെന്റ്നം. 32/AE/LSGD/PZHY/18-19/17.10.2018.

ടി.എസ്.നം. 31859/18-19

എം.ബുക്ക് നം. 128/20-21

എഗ്രീഡ് പി.എ.സി. 266286/-

പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം: 4മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 17.10.2018. (Site Handed Over)
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 22.03.2022.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി :16.02.2019.
വൈകിയ കാലയളവ് : 1130 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : PACയുടെ 10%ൽ പരിമിതപ്പെടുത്തിയത് 26629/- രൂപ ( Ltd To 10% Of PAC (266286/-രൂപ X0.1% X1130/7)) = 42986/-.
ഈടാക്കിയ ഫൈൻ : 3046/-
ഈടാക്കിയതിൽ കുറവുവന്ന തുക. 23583/-രൂപ.
ഓഡിറ്റ് എൻക്വയറി നം. 7/16.11.2022

## 1-20 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

പ്രോജക്റ്റ് നം. 45/22

അടങ്കൽ - 100000/- രൂപ (മെയിന്റനൻസ് ഫണ്ട് -റോഡിതരം)

ചെലവുതുക - 100000/- രൂപ (ബിൽ നം. 154/1.12.21(ACR))

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്നുവാങ്ങൽ പ്രോജക്റ്റ് പ്രകാരം തുക മുൻകൂറായി ഹോംകോയ്ക്ക് നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. ഇൻവോയിസ്, മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം എന്നിവ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് റിക്വസ്റ്റ് ഹാജരാക്കുകയും മരുന്ന് ലഭിച്ചിട്ടില്ല എന്ന മറുപടി ലഭ്യമാക്കുകയും ചെയ്തു.മരുന്നുകൾ ലഭിക്കുന്നതിനായി മുൻകൂറായി തുക നൽകിയതു പ്രകാരമുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ മരുന്നുകളുടെ വിലയായി ഒടുക്കിയ 100000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 6 /15.11.22
തടസ്സപ്പെടുത്തിയ തുക – 100000/- രൂപ

## 1-21 രേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. SO 234/22

അടങ്കൽ - 750000/- രൂപ (മെയി. ഫണ്ട്-റോഡിതരം)

ചെലവ് - 150000/- രൂപ (ബിൽ നം. 9/21-22/22.10.21),

365376/- (ബിൽ നം. 13/21-22/31.3.22)

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ കോവിഡ് -19 മരുന്നും മെഡിക്കൽ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം ചെലവഴിച്ച 365376/- രൂപയിൽ 15645/- രൂപ കോവിഡ് ബാധിച്ച രോഗികൾക്ക് സൗജന്യമായി ഒ.പി.ടിക്കറ്റ് നൽകിയയിനത്തിൽ ചെലവായതായി രേഖപ്പെടുത്തി തുക എച്ച്.എം.സിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. മരുന്നും മെഡിക്കൽ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം ടിയിനത്തിനായി തുക വകമാറ്റിയതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് കോവിഡ് സ്ഥിരീകരിച്ച ഗൃഹനിരീക്ഷണത്തിലുള്ള രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ഒ.പി ടിക്കറ്റ് പ്രകാരം ആശാവർക്കർമാർ വീടുകളിൽ എത്തിച്ച് നൽകിയ വകയിൽ എച്ച്.എം.സിയ്ക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം നൽകിയ തുകയാണെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ആയതു സംബന്ധിച്ച കമ്മിറ്റി തീരുമാനം, ചെലവുരേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 15645/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം - 15/17.11.22
തടസ്സപ്പെടുത്തിയ തുക - 15645/- രൂപ

## 1-22 സബ്സിഡി അധികം നൽകി - 35000/- രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് നം. S0026/22
നിർവഹണം – വെറ്ററിനറി സർജൻ

അടങ്കൽ - 450000/-(336920/- വികസനഫണ്ട്-എസ്.സി.പി)

112500/- ഗുണഭോക്തൃവിഹിതം

580/- തനതുഫണ്ട്)

ചെലവ് - 135000/-ബിൽ നം. 14/26.2.22

180000/- ബിൽ നം. 21/27.3.22

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പോത്തുകുട്ടികളെ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്റ്റ് പ്രകാരം 315000/--(വികസനഫണ്ട് - എസ്.സി.പി)രൂപ ചെലവഴിച്ചു. പ്രോജക്റ്റ് പ്രകാരം 11250/- രൂപ സബ്സിഡിയും 3750/- രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 15000/- രൂപയാണ് ഒരു പോത്തുക്കുട്ടിക്ക് നൽകേണ്ടത്. ടിയിനത്തിൽ പാങ്ങലിൽ ഫാം, തടിക്കാട്, അഞ്ചൽ എന്ന സ്ഥാപനത്തിൽ നിന്നും 28 പോത്തുകുട്ടികളെ വാങ്ങിയയിനത്തിൽ സബ്സിഡി തുകയായി 315000/- രൂപ ഷൗക്കത്ത് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് നൽകി. സർക്കാർ ഉത്തരവ് സ.ഉ(കൈ)നം.22/2018/തസ്വഭവ/14.2.2018 ഖ.6.2 പ്രകാരം കന്നുകുട്ടി/കാളക്കുട്ടി/പോത്തുകുട്ടി എന്നിവ വാങ്ങുന്നതിന് പട്ടികജാതി വിഭാഗത്തിന് അനുവദിക്കാവുന്ന സബ്സിഡി നിരക്ക് 75% (പരമാവധി 10000/-) രൂപയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്രകാരം സബ്സിഡി നൽകിയതിലൂടെ, 1250/- രൂപ വീതം ആകെ 35000/- രൂപ അധികം നൽകിയതായി കാണുന്നു. (ഗുണഭോക്തൃ വിഹിതമിനത്തിൽ 105000/- രൂപ ചെക്ക് നം. 2919244/7.5.22 പ്രകാരം ചെലവഴിച്ചിട്ടുണ്ട്).
സബ്സിഡി അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് 15000/- രൂപയുടെ പോത്തുകുട്ടിക്ക് 75% സബ്സിഡിയായി 11250/- രൂപ അനുവദിച്ചതെന്നും DPC അംഗീകാരവും വെറ്റിംഗും കഴിഞ്ഞ പ്രോജക്റ്റായിരുന്നുവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രോജക്റ്റിൽത്തന്നെ 11250/- രൂപ സബ്സിഡിയും 3750/- രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 15000/-രൂപയാണ് ഒരെണ്ണത്തിന് നൽകേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ പ്രോജക്റ്റിന് അംഗീകാരം നൽകിയ വെറ്റിംഗ് ഓഫീസറും ടി ചെലവിന് ഉത്തരവാദിയാണ്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജനിൽ നിന്നും വെറ്റിംഗ് ഓഫീസറിൽ നിന്നും 35000/- രൂപ തുല്യമായി ഈടാക്കി വിവരം ഓഡിററിൽ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 14/17.11.22
നിരാകരിച്ച തുക – 35000/- രൂപ

1-23 പാലിയേറ്റീവ് കെയർ - മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചിട്ടില്ല.

പ്രോജക്റ്റ് നം. SO 44/22

അടങ്കൽ – 600000/- (വികസന ഫണ്ട്)

200000/- (ബ്ലോക്ക് വിഹിതം)

ചെലവ് – 339091/- (വികസന ഫണ്ട്), 199249/- (ബ്ലോക്ക് വിഹിതം)
(32750/- (ബിൽ നം. 1/21-22/3.6.21)

15150/- (ബിൽ നം. 3/21-22/9.7.21)

65400/- (ബിൽ നം. 4/21-22/9.7.21)

150000/- (ബിൽ നം. 5/26.7.21)

32700/- (ബിൽ നം. 6/18.8.21)

32670/- (ബിൽ നം. 7/7.9.21)

32670/- (ബിൽ നം. 8/12.10.21)

65400/- (ബിൽ നം. 10/24.12.21)

70975/- (ബിൽ നം. 11/23.2.22)

34099/- (ബിൽ നം. 12/12.3.22)

6526/- (ബിൽ നം. 14/31.3.22)

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി 150000/- രൂപ കെ.എം.എസ്.സി.എല്ലിന് നൽകിയതിൽ 92331/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. 57669/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

കൂടാതെ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഇൻവോയിസ് പ്രകാരമുള്ള 34099/- രൂപ കെ.എം.എസ്.സി.എല്ലിന് നൽകിയിട്ടുണ്ട്. ഇൻവോയിസ് പ്രകാരമുള്ള ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെക്കൊടുക്കുന്നു.

| | | |
|---|---|---|
| വീൽ ചെയർ | 3 എണ്ണം | 12990/- |
| എയർ ബെഡ് | 5എണ്ണം | 10062.52/- |
| വാട്ടർബെഡ് | 5എണ്ണം | 4887.51/- |
| കമ്മോഡ് ചെയർ | 3എണ്ണം | 4394.09/- |
| | | 29904.80 |
| Handling Charge(5%) | | 1495.24 |
| Handling Charge GST(18%) | | 269.14 |
| ആകെ | | 34099/- |

ആയതിൽ വീൽ ചെയർ- 1, കമ്മോഡ് ചെയർ -3 എണ്ണം എന്നിവ ലഭിച്ചിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാൻ സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് നിലവിൽ സ്റ്റോക്കില്ല എന്നും വരുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും കെ.എം.എസ്.സി.എൽ അറിയിച്ചതായി മറുപടി ലഭ്യമാക്കി. ആയതു ലഭ്യമാകാത്തതിനാൽ ലഭിക്കാനുള്ള മരുന്നുകളുടെ വിലയായ 57669/- രൂപയും ഉപകരണങ്ങളുടെ വിലയായ 9238.80/- രൂപയും (4585.47 + 4653.33) ആകെ 66907.8/- (66908/-) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.15/17.11.22

തടസ്സപ്പെടുത്തിയ തുക – 66908/- രൂപ

## 1-24 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2021-2022 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ 2481 കുടുംബങ്ങൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 150799 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 880 കുടുംബങ്ങൾ ഉൾപ്പെടുന്നു . ആകെ 4,90,95,099/- രൂപയുടെ ചെലവ്. ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.
2. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥർ/ ബന്ധപ്പെട്ട മേറ്റുമാർ സാക്ഷ്യപ്പെടുത്തുന്നില്ല.
3. ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം, ആട്ടിൻക്കൂട് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ സൂക്ഷിക്കുന്നില്ല. ലൈഫ് ഭവന നിർമ്മാണത്തിന്റെ ഘട്ടങ്ങൾ സംബന്ധിച്ച സാക്ഷ്യപത്രം വി.ഇ.ഒ.മാരിൽ നിന്നും തൊഴിലുറപ്പ് വിഭാഗം ലഭ്യമാക്കി ഫയലിൽ ഉൾപ്പെടുത്തുന്നില്ല. അതിനാൽ മസ്റ്റർ റോളുകളുടെ കൃത്യത, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് പ്രാപ്തമല്ല.
4. റോഡ് കോൺക്രീറ്റിങ് പ്രവൃത്തികളിൽ, മെറ്റീരിയൽ സപ്ലൈചെയ്യതിന്റെ ബില്ലുകൾ അക്രഡിറ്റഡ് എഞ്ചിനീയറുടെ ശിപാർശ കൂടാതെതന്നെ സെക്രട്ടറി പാസ്സാക്കുന്ന രീതി അനുവർത്തിക്കുന്നതായി കാണുന്നു. പ്രവൃത്തി സ്ഥലത്ത് കരാറുകാരൻ എത്തിക്കുന്ന മെറ്റീരിയലുകളുടെ അളവും ഗുണനിലവാരവും ഉത്തരവാദപ്പെട്ട

ആരും തന്നെ പരിശോധിച്ച് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

5. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയത്, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് എന്നിവ ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.

6. നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012 –ലെ സർക്കാർ ഉത്തരവ് (കൈ) 93/2012/ത.സ്വ.ഭ.വ. ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിയ്ക്കുന്നില്ല.

മേൽ വിഷയം ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവരുടെ ശ്രദ്ധയ്ക്കും, അപാകതകൾ പരിഹരിയ്ക്കുന്നതിനുള്ള തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒരേ സ്പെസഫിക്കേഷനുള്ള സാധനം വാങ്ങുന്നതിന് ഒരേതീയതിയിലെ വ്യത്യസ്ത തീരുമാനങ്ങളിലൂടെ വ്യത്യസ്ത നിരക്കിന് അംഗീകാരം നൽകി - 132459/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഐ സി ഡി എസ് സൂപ്പർവൈസർ 2021 -22 സാമ്പത്തിക വർഷം നിർവഹണം നടത്തിയ വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതിയുടെഭാഗമായി 2 പ്രോജക്ടുകളിലായി കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. വ്യത്യസ്ത നിർവഹണ രീതി അവലംബിച്ച് മേൽ പദ്ധതി നിർവഹണം നടത്തിയപ്പോൾ ഒരേ ഇനം സാധനം വാങ്ങിയതിൽ വന്ന വില വ്യത്യാസം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ രീതി | മത്സരാധിഷ്ഠിത ടെൻഡർ മുഖേന | അംഗീകൃത ഏജൻസികളിൽ നിന്നും ക്വട്ടേഷൻ മുഖേന |
|---|---|---|
| പ്രോജക്ട് നം | 153/2022 | 5/2021( സ്പിൽ ഓവർ) |
| പ്രോജക്ട് പേര് | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ (ജനറൽ) | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ (ജനറൽ)<br>സ്പിൽ ഓവർ |
| അടങ്കൽ | 182700 | 413250 |
| ദർഘാസ്/ക്വട്ടേഷൻ തീയതി | 05/08/2021 | |
| സപ്ലൈ ചെയ്യേണ്ടുന്ന കട്ടിലിന്റ സ്പെസിഫിക്കേഷൻ | തടി- മഹാഗണി<br>അളവ് 198*90 സെ.മി<br>മുൻകാൽ -60 സെ .മി<br>പിൻകാൽ-50 സെ.മി<br>പ്ലൈവുഡ് - 8 മി.മി | തടി- മഹാഗണി<br>അളവ് 198*90 സെ.മി<br>മുൻകാൽ -60 സെ .മി<br>പിൻകാൽ-50 സെ.മി<br>പ്ലൈവുഡ് - 8 മി.മി |
| ദർഘാസ്/ക്വട്ടേഷൻ സ്വീകരിച്ച തീയതി | 16.08.2021 | 17-09-2021 |
| സ്ഥാപനം | PLAZA ENTERPRISES<br>KALANJOOR | ARTCO Ltd<br>Kottayam |

| | | |
|---|---|---|
| 1 കട്ടിലിന്റെ വില (ജി എസ് .ടി ഉൽപ്പടെ ) | 2744 | 4199.6 |
| ടെൻഡർ/ ക്വട്ടേഷൻ അംഗീകരിച്ച ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാനം | 06/10/2021 ലെ തീരുമാനം നം 2(2) | 06/10/2021 ലെ തീരുമാനം നം 2(3) |
| ആകെ ചെലവ് | 66 കട്ടിൽ - 181104രൂപ | 91 കട്ടിൽ- 382165 രൂപ |
| ഇൻവോയ്സ് നം | 287/24-01-2022 = 65856/-<br>282/20-01-2022 = 85064/-<br>305/23-03-2022= 30184/-<br>---------------<br>181104/- | KTM/260 Dt 04/03/2022<br>=382165/- |
| തുക വിതരണം ചെയ്തതിന്റെ വിശദാംശം | ബിൽ നം 08/23-02-2022= 100000/-<br>ബിൽ നം 16/22-03-2022= 50920/-<br>ബിൽ നം 18/27-03-2022= 30184/- | ബിൽ നം 15/22-03-2022= 382165/ |

ഒരേ സ്പെസിഫിക്കേഷനുള്ള സാധനം സപ്ലൈ ചെയ്യുന്നതിന് ഒരേ തീയതിയിലെ പഞ്ചായത്ത് കമ്മറ്റി വ്യത്യസ്ത നിരക്ക് അംഗീകരിച്ചതിനാൽ 1 കട്ടിലിന് 1455.6/- രൂപ നിരക്കിൽ ആകെ 91 കട്ടിലിന് 132459.6/- രൂപ അധികമായി ചെലവഴിക്കേണ്ടതായി വന്നു.

ഓഡിറ്റിന് ലഭ്യമാക്കിയ പ്രോജക്ട് അംഗീകാരം ഫോറം പേജ് 7 ക്രമ നം 33 പ്രകാരം ടെൻഡർ/ക്വട്ടേഷൻ പത്രപരസ്യം നൽകി നിർവഹണം നടത്താൻ നിർദ്ദേശിച്ചിരുന്നു. പ്രോജക്ട് നം. 5/2021 ന്റെ നിർവ്വഹണ രീതി മാറ്റി നടപ്പാക്കാൻ ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചതിന്റെ (19/07/2021 ലെ 1/6 നമ്പർ തീരുമാനം) അടിസ്ഥാനത്തിലാണ് SIDCO MAVELIKKARA, ARTCO KOLLAM, ARTCO KOTTAYAM, എന്നീ അംഗീകൃത എജൻസികളിൽ നിന്നും ഐ സി ഡി എസ് സൂപ്പർവൈസർ ക്വട്ടേഷൻ സ്വീകരിക്കുകയും ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തതും പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്തതുമായ ARTCO KOTTAYAM എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങുകയും ചെയ്തത്.

മേൽ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 06.10.2021 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ മുമ്പാകെ ഓരേ സ്പെസിഫിക്കേഷനുള്ള കട്ടിലിന് പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്ത 2 വ്യത്യസ്ത നിരക്കുകളിലുള്ള (2744/- രൂപയുടെയും 4199.6/- രൂപയുടെയും) ടെൻഡർ, ക്വട്ടേഷനുകൾ ഉണ്ടായിരിക്കെ 1 കട്ടിലിന് 1455.6/- രൂപ കുറവായി രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും 91 കട്ടിൽ കൂടി സപ്ലേ ചെയ്യാനുള്ള സാധ്യത പരിഗണിച്ചില്ല.

2. പർച്ചേസ് കമ്മിറ്റി മിനിറ്റ്സ് ബുക്ക് പേജ് 5 പ്രകാരമാണ് മേൽ പ്രതിപാദിച്ച 2 പദ്ധതികളുടെയും ടെൻഡർ, ക്വട്ടേഷനുകൾ 24/09/2021 ൽ കൂടിയ പർച്ചെസ് കമ്മിറ്റി അംഗീകരിച്ചിരിക്കുന്നത്. ഒരേ വർഷത്തേക്ക് വേണ്ട സാധനങ്ങൾ 2 വ്യത്യസ്ത നിരക്കുകളിലുള്ള ടെൻഡർ, ക്വട്ടേഷനുകൾ ശുപാർശ ചെയ്തത് വഴി 132459.6/- രൂപ അധികമായി ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട്.

3. ARTCO യിൽ നിന്നും ടെൻഡർ നടപടി കൂടാതെ വാങ്ങാവുന്ന സാധനങ്ങളുടെ ലിസ്റ്റിൽ (Annexure To Go.(Rt) No. 01/2021/spd Dt.05/01/2021) മേൽ സ്പെസഫിക്കേഷനിലുള്ള കട്ടിൽ ഉൾപ്പെടുന്നില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/14-11-2022) ഐ സി ഡി എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ മുൻവർഷം ടെൻഡർ ക്ഷണിച്ചപ്പോൾ ആവശ്യമായ ടെൻഡറുകൾ ലഭിച്ചില്ല എന്നും പദ്ധതി നിർവഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടിയാണ് നേരിട്ടുള്ള വാങ്ങൽ രീതി സ്വീകരിച്ചത് എന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഒരേ സ്പെസിഫിക്കേഷനിൽ ഉള്ള സാമഗ്രികൾക്ക് വ്യത്യസ്ത നിരക്കുകൾ 06.10.2021 ലെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളത്, നിർവ്വഹണ

ഉദ്യോഗസ്ഥ വിയോജിപ്പ് രേഖപ്പെടുത്താത്ത സാഹചര്യത്തിൽ 132459/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക നഷ്ടത്തിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4/14.11.22
നിരാകരിച്ച തുക – 132459/- രൂപ

3-2 സബ്സിഡി അധികം നൽകി - 35000/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. S0026/22
നിർവഹണം – വെറ്ററിനറി സർജൻ

അടങ്കൽ - 450000/-(336920/- വികസനഫണ്ട്-എസ്.സി.പി)

112500/- ഗുണഭോക്തൃവിഹിതം

580/- തനതുഫണ്ട്)

ചെലവ് - 135000/-ബിൽ നം. 14/26.2.22

180000/- ബിൽ നം. 21/27.3.22

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പോത്തുകുട്ടികളെ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് പ്രകാരം 315000/-(വികസന ഫണ്ട് - എസ്.സി.പി) രൂപ ചെലവഴിച്ചു. പ്രോജക്ട് പ്രകാരം 11250/- രൂപ സബ്സിഡിയും 3750/- രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 15000/- രൂപയാണ് ഒരു പോത്തുക്കുട്ടിക്ക് നൽകേണ്ടത്. ടിയിനത്തിൽ പാങ്ങലിൽ ഫാം, തടിക്കാട്, അഞ്ചൽ എന്ന സ്ഥാപനത്തിൽ നിന്നും 28 പോത്തുകുട്ടികളെ വാങ്ങിയയിനത്തിൽ സബ്സിഡി തുകയായി 315000/- രൂപ ഷൗക്കത്ത് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് നൽകി. സർക്കാർ ഉത്തരവ് സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ./14.2.2018 ഖ.6.2 പ്രകാരം കന്നുകുട്ടി/കാളക്കുട്ടി/പോത്തുകുട്ടി എന്നിവ വാങ്ങുന്നതിന് പട്ടികജാതി വിഭാഗത്തിന് അനുവദിക്കാവുന്ന സബ്സിഡി നിരക്ക് 75% (പരമാവധി 10000/-) രൂപയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്രകാരം സബ്സിഡി നൽകിയതിലൂടെ, 1250/- രൂപ വീതം ആകെ 35000/- രൂപ അധികം നൽകിയതായി കാണുന്നു. (ഗുണഭോക്തൃ വിഹിതമിനത്തിൽ 105000/- രൂപ ചെക്ക് നം. 2919244/7.5.22 പ്രകാരം ചെലവഴിച്ചിട്ടുണ്ട്).
സബ്സിഡി അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് 15000/- രൂപയുടെ പോത്തുകുട്ടിക്ക് 75% സബ്സിഡിയായി 11250/- രൂപ അനുവദിച്ചതെന്നും DPC അംഗീകാരവും വെറ്റിംഗും കഴിഞ്ഞ പ്രോജക്ടായിരുന്നുവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രോജക്ടിൽത്തന്നെ 11250/- രൂപ സബ്സിഡിയും 3750/- രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 15000/-രൂപയാണ് ഒരെണ്ണത്തിന് നൽകേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ പ്രോജക്ടിന് അംഗീകാരം നൽകിയ വെറ്റിംഗ് ഓഫീസറും ടി ചെലവിന് ഉത്തരവാദിയാണ്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജനിൽ നിന്നും വെറ്റിംഗ് ഓഫീസറിൽ നിന്നും 35000/- രൂപ തുല്യമായി ഈടാക്കി വിവരം ഓഡിററിൽ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 14/17.11.22
നിരാകരിച്ച തുക – 35000/- രൂപ

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 14.11.22 | കെ.എസ്.എ.കെ.എൽ.എം.പി9/2274/22 തീയതി-27.08.2023 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | 3/22 അങ്കണവാടി പോഷകാഹാരം(ജനറൽ) | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 122600 | 75/22 ലൈഫ് മിഷൻ (ജനറൽ) | 122600 | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 75000 | 152/22ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 75000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 130000 | 6/22ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | | 130000 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 193419 | 3/22 അങ്കണവാടി പോഷകാഹാരം(ജനറൽ) | 193419 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 130000 | 6/22 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 130000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 43600 | 17/22സുഭിക്ഷ കേരളം- നെൽകൃഷി | 43600 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 199249 | 44/22 പാലിയേറ്റീവ് കെയർ 2021-2022 | 199249 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1480000 | 75/22ലൈഫ് മിഷൻ (ജനറൽ) | 1480000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 81104 | 153/22വൃദ്ധജനങ്ങൾക്ക് കട്ടിൽ(ജനറൽ) | 81104 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 91084 | 155/22അടയ്ക്കാമരകുഴി കോളനി റോഡ് സൈഡ് കെട്ട് | 0 | 91084 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.a

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC Loan | GO.(MS)No. 68/2018/LSGD Dtd 18-05-2018 | - | 5834667- | 762667 | - | 5072000/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6090/- രൂപ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2008-09 | 2-3 | 100 | | 1210200459/23.2.22 |
| 2008-09 | 2-3 | 100 | | 1210200460/23.2.22 |
| 2008-09 | 2-3 | 550 | | 1210200461/23.2.22 |
| 2014-15 | 3-1 | 4635 | | 1210102964/11.3.22 |
| 2006-07 | 3(1)(3) | 155 | | 1210200445/22.2.22 |
| 2006-07 | 3(1)(4) | 550 | | 1210200445/22.2.22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 132459/- | ശ്രീമതി. സ്മിത. എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ, പട്ടാഴി ഗ്രാമപഞ്ചായത്ത് |
| 3-2 | | 17500/- | ഡോ. ജെറിൻ, വെറ്ററിനറി സർജൻ, വെറ്ററിനറി ആശുപത്രി, പട്ടാഴി |
| | | 17500/- | ഡോ. മനോജ് ജോൺസൺ, സീനിയർ വെറ്ററിനറി സർജൻ, വെറ്റിംഗ് ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-15 | 106800/- | ശ്രീമതി. സ്മിത. എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ, പട്ടാഴി ഗ്രാമപഞ്ചായത്ത് |
| 1-20 | 100000/- | ഡോ. ശ്രീകലാദേവി, മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി, പട്ടാഴി |
| 1-21 | 15645/- | ഡോ. ടോം. വി. തോമസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), പട്ടാഴി |
| 1-23 | 66908/- | ഡോ. ടോം. വി. തോമസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), പട്ടാഴി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ജെറിൻ, വെറ്റിനറി സർജൻ, വെറ്ററിനറി ആശുപത്രി, പട്ടാഴി | വെറ്റിനറി സർജൻ, വെറ്റിനറി ആശുപത്രി, പട്ടാഴി | ഉണ്ടുവിള വീട്, മൈലം.പി.ഒ, പട്ടാഴി |
| ഡോ. മനോജ് ജോൺസൺ, സീനിയർ വെറ്ററിനറി സർജൻ | ലഭ്യമല്ല | കാനിശ്ശേരിൽ, 92/13, ഡ്രീം ഇന്ത്യ വിലാസ്, പാതിരപ്പള്ളി കുടപ്പനക്കുന്ന്, തിരുവനന്തപുരം |
| ശ്രീമതി. സ്മിത. എസ്, ഐ സി ഡി എസ് സൂപ്പർവൈസർ, പട്ടാഴി ഗ്രാമപഞ്ചായത്ത് | ഐ സി ഡി എസ് സൂപ്പർവൈസർ, പട്ടാഴി ഗ്രാമപഞ്ചായത്ത് | പൗർണ്ണമി, അയണിവിള, കുറുമണ്ടൽ, പരവൂർ.പി.ഒ, കൊല്ലം |
| ഡോ. ശ്രീകലാദേവി, മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി, പട്ടാഴി | റിട്ടയേർഡ് | മംഗലത്ത് വീട്, കോക്കാട്.പി.ഒ, വെട്ടിക്കവല |
| ഡോ. ടോം. വി. തോമസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), പട്ടാഴി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), പട്ടാഴി | ടോം നിവാസ്, ചെങ്ങമനാട്.പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-1998 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 1 |
| 1998-1999 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 2 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 4 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 4 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 2 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | മറുപടി |

| | | |
|---|---|---|
| | | ലഭ്യമാക്കിയിട്ടില്ല. |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 6 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം-പി.9/398/18/23.2.18 | 10 |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം-പി.9/750(1)/19/31.05.2019 | 18 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം-പി.9/750(2)/19/31.05.2019 | 15 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം-പി.9/750(3)/19/31.05.2019 | 8 |
| 2009-2010 & 2010-2011 | കെ.എസ്.എ.കെ.എൽ.എംപി.9/750(4)/19/31.05.2019 | 13 |
| 2011-2012 | കെ.എസ്.എ.കെ.എൽ.എം.പി-9/അദാലത്ത്-2011-2012 /1562/22(1)/19.08.22 | 6 |
| 2012-2013 & 2013-14 | എൽ.എഫ്.ക്യൂ-പി-9/അദാലത്ത്/2012-2013 &2013-14/1562/22(2) / 19.08.22 | 9 |
| 2014-15 | കെ.എസ്.എ-കെ.എൽ.എം-പി-9/അദാലത്ത്/14-15 /1562/22(3) / 19.08.22 | 3 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി-9/അദാലത്ത്/15-16 /1562/22(4) / 19.08.22 | 5 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി9/1730/2017 / 30.10.2017 | 10 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി9/1857/2018 / 06.03.2019 | 9 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി9/1522/2019 / 12.02.2020 | 11 |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി9/1051/2021 / 30.11.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ-കെ.എൽ.എം-പി9/1672/2021 / 27.04.2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്